# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ- 1570

18.06.2012-ൽ മറുപടി നൽകേണ്ടത്

**തെരഞ്ഞെടുപ്പ് ചട്ട ലംഘനം**

ചോദ്യം — ശ്രീമതി. ജമീലാ പ്രകാശം

ഉത്തരം — ശ്രീ. ഉമ്മൻചാണ്ടി (ബഹു: മുഖ്യമന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പിൽ തെരഞ്ഞെടുപ്പ് ചട്ടം ലംഘിച്ചത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; | എ) നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചട്ട ലംഘനം ആരോപിച്ച് ആകെ 42 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| ബി) ആയത് സംബന്ധിച്ചുള്ള വിശദാംശങ്ങളും ആയതിന്മേൽ സ്വീകരിച്ച നടപടികളും വിശദീകരിക്കുമോ ? | ബി) പെരുമാറ്റച്ചട്ടം നിലവിലിരിക്കെ നിയമനങ്ങൾ, സ്ഥലംമാറ്റങ്ങൾ, നിയമനങ്ങൾക്കുള്ള ഇന്റർവ്യൂകൾ എന്നിവ നടത്തുന്നു, സർക്കാർവക സംവിധാനങ്ങൾ തെരഞ്ഞെടുപ്പ് പ്രചരണങ്ങൾക്ക് ഉപയോഗിക്കുന്നു, സർക്കാർ ആനുകൂല്യങ്ങൾ മണ്ഡലത്തിൽ വിതരണം ചെയ്യുന്നു, ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നു. പുതിയ ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുന്നു, പ്രചരണ സാമഗ്രികൾ നശിപ്പിക്കുന്നു. സ്ഥാനാർത്ഥികൾക്കെതിരെയും, മുന്നണികൾക്കെതിരെയും അപകീർത്തികരമായ മൈക്ക് അനൗൺസ്മെന്റ്, നോട്ടീസ് വിതരണം, മാസിക വിതരണം, മാധ്യമ വാർത്തകൾ, ഫ്ളെക്സ് ബോർഡുകൾ എന്നിവയും പക്ഷവാദികളായ ഉദ്യോഗസ്ഥരെ തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കുന്നു എന്നിങ്ങനെയും പ്രവർത്തകരെ ആക്രമിക്കുന്നു, വോട്ടർമാരെ പണം കൊടുത്തു |

| | |
|---|---|
| | സ്വാധീനിക്കുന്നു എന്നിങ്ങനെയുള്ള ആരോപണങ്ങളും ഉൾക്കൊള്ളുന്ന പരാതികളാണ് ലഭിച്ചിട്ടുള്ളത്.<br>പരാതികൾ ലഭിച്ച ഉടൻ തന്നെ അവ പരിശോധിച്ച് അന്വേഷണം നടത്തി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ആവശ്യമായ നടപടികൾ സ്വീകരിച്ച് തീർപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ